ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥിരനിയമനം നടത്തുന്നതിന് കാലതാമസമുണ്ടാകുമെന്ന് കണ്ടാലോ പൊതുതാൽപര്യപ്രകാരം ആവശ്യമെന്നു കണ്ടാലോ 1991-ലെ കേരള ജുഡീഷ്യൽ സർവീസ് റൂളിലെ റൂൾ (9) പ്രകാരം താൽക്കാലിക നിയമനം നടത്താറുണ്ട്.

(സി) ആന്റ് (ഡി) ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

സൂര്യനെല്ലിക്കേസിൽ അപ്പീൽ

80 [1596] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലിക്കേസിലെ ഒരാളൊഴികെ എല്ലാ പ്രതികളേയും വെറുതെ വിട്ടുകൊണ്ടുള്ള ഹൈക്കോടതിയുടെ വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ബി) സ്ത്രീകളുടെ സുരക്ഷയെ പൊതുവിൽ ബാധിക്കുന്നതും ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് സർക്കാർ വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ അപ്പീൽ കൊടുക്കുന്നതിന് നിയമപരമോ, സാങ്കേതികമോ ആയ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഹൈക്കോടതി വിധി പകർപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. അപ്പീൽ സംബന്ധിച്ച കാര്യങ്ങളിൽ വിധിയുടെ പകർപ്പ് ലഭിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

(ബി) ബാധകമല്ല.

(സി) ഇല്ല.

കെ. ജെ. ജോസഫ് കമ്മീഷൻ റിപ്പോർട്ട്

81 [1597] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംവരണത്തെ സംബന്ധിച്ചിട്ടുള്ള കെ. ജെ. ജോസഫ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly